## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **12/02/2020-ൽ മറുപടിയ്ക്ക്**

## പ്രാഥമിക സഹകരണ സംഘങ്ങൾക്കുമേലുള്ള നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അനിൽ അക്കര<br>,, അനൂപ് ജേക്കബ്<br>,, ഷാഫി പറമ്പിൽ<br>,, പി.ടി. തോമസ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകുന്ന ഉയർന്ന പലിശ നിരക്ക് കുറയ്ക്കുന്ന സാഹചര്യമുണ്ടാകുമോ; | (എ) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശ നിർണ്ണയിക്കുന്നത് പലിശ നിർണ്ണയ ഉപസമിതിയുടെ തീരുമാനപ്രകാരമാണ്. ടി പലിശ കുറയ്ക്കുന്ന സാഹചര്യം നിലവിലില്ല. |
| (ബി) | നിലവിൽ സഹകരണ സംഘങ്ങൾ സ്ഥിരനിക്ഷേപങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സഹകരണ സംഘം രജിസ്ട്രാറുടെ 40/2019 നമ്പർ സർക്കുലർ പ്രകാരമുള്ള പലിശനിരക്കാണ് ബാധകമായിട്ടുള്ളത്. നിലവിൽ സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾക്ക് കൊടുക്കുന്ന പലിശനിരക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം | നിക്ഷേപങ്ങളുടെ കാലാവധി | പലിശ നിരക്ക് |
|---|---|---|
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.75 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.25 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.75 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.25 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.75 |
| 6 | 2 വർഷവും അതിനു മുകളിലും | 7.50 |

| | | | |
|---|---|---|---|
| | | | എന്നാൽ 2020 ജനുവരി മുതൽ ഫെബ്രുവരി 29 വരെ സഹകരണ വകുപ്പ് നിക്ഷേപ സമാഹരണം സംഘടിപ്പിക്കുന്നതിനാൽ 180 ദിവസം മുതൽ 364 ദിവസം വരെയുള്ള നിക്ഷേപത്തിന് മാത്രം 7.5% പലിശനിരക്കും നൽകിവരുന്നുണ്ട്. |
| (സി) | കേരള ബാങ്കിന് റിസർവ് ബാങ്ക് ലൈസൻസ് ലഭിക്കുന്നതിലൂടെ അതിലെ ഘടകമായ പ്രാഥമിക സഹകരണ സംഘങ്ങളിലും റിസർവ് ബാങ്കിന്റെ നിയന്ത്രണം ഉണ്ടാകുവാൻ സാധ്യതയുണ്ടോ; | (സി) | RBI ലൈസൻസ് ലഭിച്ച ബാങ്കുകൾക്ക് മാത്രമേ RBI-യുടെ നിയന്ത്രണം ഉള്ളൂ. കേരള സംസ്ഥാന സഹകരണ ബാങ്കിന് 1976 മുതൽ RBI ലൈസൻസും നിയന്ത്രണവും ഉണ്ട്. PACS-കളിന്മേൽ RBI നിയന്ത്രണം ഇല്ലാത്തതിനാൽ നിലവിലുള്ള സ്ഥിതിയിൽ നിന്നും യാതൊരു മാറ്റവും സംഭവിക്കുന്നില്ല. |
| (ഡി) | കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതോടെ പ്രാഥമിക സംഘങ്ങൾക്ക് ബാങ്ക് എന്ന പേര് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടാകുമോ എന്നറിയിക്കാമോ? | (ഡി) | RBI-യുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചപ്പോൾ പുതുതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്ക് ബാങ്ക് എന്ന പേര് ഉപയോഗിക്കാൻ പാടില്ലെന്ന് RBI നിഷ്കർഷിച്ചിട്ടുണ്ട്. അത് പ്രകാരം പുതുതായി തുടങ്ങുന്ന സംഘങ്ങൾക്ക് ബാങ്ക് എന്ന് പേരിനോടൊപ്പം ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.